# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 18 No. 03 PUBLISHED FROM DELHI PRICE Rs. 3/- MARCH 2014


## അനുതാപമില്ലാത്ത പ്രാർത്ഥന വ്യർത്ഥം: റവ. പീറ്റർ മെയ്ഡൻ

***മാരാമൺ***: അനുതാപമില്ലാത്ത പ്രാർത്ഥന ദൈവം ഇഷ്ടപ്പെടുന്നില്ലെന്ന് റവ. പീറ്റർ മെയ്ഡൻ. 119-ാമത് മാരാമൺ കൺവൻഷന്റെ ഉദ്ഘാടന യോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. രണ്ടുപേർ ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ പോയി. ഒരുവൻ പരീശൻ. അയാൾ ശിരസുയർത്തി നിൽക്കുന്നു. പരീശൻ അവനോടു തന്നെ പ്രാർത്ഥിക്കുന്നു. അവൻ അവനാൽ നിറയപ്പെടുന്നു. ഇതു പ്രാർത്ഥനയല്ല. ദൈവത്തോടുള്ള മനോഭാവമില്ലാത്തതൊന്നും പ്രാർത്ഥനയല്ല. ഒരു തരത്തിലും അനുതാപവുമില്ല. ദൈവാഭിനിവേശമില്ല. വിശുദ്ധിക്കായി പ്രയത്നമില്ല. അവൻ അവനിൽ തന്നെ സംതൃപ്തൻ. ഇത്തരം സ്വയം നീതീകരണത്തിനു മറുമരുന്നുണ്ട്. നമ്മെപ്പറ്റി മൗലികമായ തിരിച്ചറിവുണ്ടാകുക. പ്രവർത്തിച്ചുകൂട്ടിയ കാര്യങ്ങൾ അവൻ പറയുന്നു. സ്വയം വിചിന്തനത്തിന് അവൻ തയാറാകുന്നില്ല.

അവർ വ്യർത്ഥമായി എന്നെ ആരാധിക്കുന്നു. അവർ മനുഷ്യനിയമങ്ങൾ പാലിക്കുന്നു. ഈ പരീശൻ ദൈവവുമായി കരാറിലേർപ്പെടാൻ ശ്രമിക്കുന്നു. ദൈവമേ നിനക്കായി



ഉപവസിക്കാം. വസ്തു നൽകാം നീ എനിക്കായും ചിലതു ചെയ്യുക. അതിനാൽ നീ എന്നെ സ്വീകരിക്കേണമെയെന്നിങ്ങനെയാണ് പ്രാർത്ഥന. ജീവകാരുണ്യം ചെയ്യുന്നു, ഏറ്റവും നന്നായി ജീവിക്കാൻ ശ്രമിക്കുന്നു. അതിനാൽ ദൈവമേ നീ ഇതെല്ലാം ചെയ്തു തരണമെന്ന് ആഗ്രഹിക്കുന്നു. നിയമം തെറ്റിക്കാത്തവനാണ് ഞാൻ. ഇതൊരുതരം ദുരഭിമാനമാണ്. പൗലൊസിന്റെ ഹൃദയത്തെ ദൈവം തുറക്കുന്നു. ദൈവസമക്ഷം അവൻ തിരിച്ചറിയുന്നു.

പരിശുദ്ധാത്മ വ്യാപാരത്താൽ അവൻ ചിലതു തിരിച്ചറിയാൻ ശ്രമിക്കുന്നു. പൗലൊസ് പറയുന്നു, ഞാൻ അരിഷ്ടമനുഷ്യൻ. ദൈവത്തിനുമാത്രമെ തന്നെ വിടുവിക്കുവാൻ കഴിയു എന്ന് പൗലൊസ് തിരിച്ചറിയുന്നു. ആത്മീയ അലംഭാവം തിരിച്ചറിയുക. സ്വയം പ്രശംസിക്കുന്നതും താരതമ്യം ചെയ്യുന്നതും തെറ്റാണ്. സ്വയം നീതീകരണത്തിനുള്ള രണ്ടാമത്തെ മറുമരുന്ന് താരതാത്മ്യം ഒഴിവാക്കുകയാണ്. ആരുമായാണ് നാം നമ്മേ താരതാമ്യം ചെയ്യുന്നത്?

മനോഹരമായി തോന്നിക്കുന്ന ഭവനം മഞ്ഞുകാലത്ത് മനോഹാരിത നഷ്ടപ്പെട്ടതായി തോന്നും. വിശുദ്ധിയുടെ പ്രതാപത്തെ കാണുക. ദൈവവിശുദ്ധിയുമായി താരതാമ്യം ചെയ്താൽ നമ്മുടെ വിശുദ്ധി നമുക്ക് ബോധ്യപ്പെടും. ചുങ്കക്കാരൻ തല ഉയർത്തിയല്ല നിൽക്കുന്നത്. അവനു ആലയത്തിൽ സ്ഥാനമുണ്ട്, അവന് പക്ഷേ സന്ദേഹമുണ്ട്. ദൈവാലയത്തിൽ നിൽപ്പാൻ തനിക്ക് യോഗ്യതയുണ്ടോ എന്ന സംശയം. അവൻ അപമാന ഭാരത്താൽ താഴേക്കു നോക്കുന്നു.

അവൻ മാറത്തടിച്ചു. ഇത് യഥാർത്ഥ അനുതാപത്തിന്റെ ലക്ഷണം. കരുണയ്ക്കായി ദൈവത്തോടുള്ള നിലവിളി. അവൻ പാപിയെന്ന് തിരിച്ചറിയുന്നു. ദൈവത്തിന്റെ കരുണയുടെ കുറവ് അവൻ തിരിച്ചറിയുന്നു. ഈ ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി തീരുന്നു.

ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രം ഇതു ലഭിക്കുന്നു. പരിത്യജിക്കപ്പെട്ടവരും ഉപയോഗശൂന്യരും ദൈവസന്നിധിയിലേക്ക് കരുണ തേടി ഓടിയെത്തുന്നു. സുഖമുള്ളവർക്ക് വൈദ്യൻ വേണ്ട. കുറവുള്ളവൻ കരുണ തേടിയെത്തുന്നു. കുഷ്ഠരോഗി ദൈവത്തെ തേടിയെത്തുന്നു. യേശുവേ എന്നെ സൗഖ്യമാക്കണമേ എന്നു പ്രാർത്ഥിക്കുന്നു. എനിക്ക് മനസ്സുണ്ട്, നീ ശുദ്ധമാകുക. അവൻ ശുദ്ധനായി. ഒറ്റപ്പെടലിന്റെ ആഴം തിരിച്ചറിഞ്ഞവർക്കേ അതിന്റെ വേദന അറിയാനാവൂ.

കുഷ്ഠരോഗി കീറിയ വസ്ത്രം ധരിക്കണം. മുടി ഒതുക്കരുത്. എവിടെ പോയാലും അശുദ്ധൻ എന്ന് വിളിച്ചു പറഞ്ഞ് പാളയത്തിനുപുറത്തെ ഏകാന്തതയിൽ ജീവിക്കണം. എന്നാൽ യേശുവിന്റെ കരതലം ഈ മനുഷ്യനെ സ്പർശിക്കുകയാണ്. തൊട്ടുകൂടാത്തവനെ കർത്താവ് തൊടുന്നു. ഇതാണ് കർത്താവിന്റെ സ്നേഹം. അവിടുന്നു അനുതാപമുള്ള ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ.

തന്നെത്താൻ താഴ്ത്തുന്നവരെ ദൈവം ഉന്നതരാക്കും. ക്രിസ്തീയ ജീവിത പാരമ്പര്യം വ്യക്തമാക്കുന്നതാണിത്. ദൈവരാജ്യത്തിൽ കടക്കണമെങ്കിൽ ശിശുവിനെപ്പോലെ ആയിരിക്കണം. കുഞ്ഞ് മേശയിൽ നിന്ന് ചാടുന്നത് വല്യപ്പച്ചൻ എന്നെ പിടിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ്. ഇതുപോലെയാണ് വചനത്തിന്റെ ആഹ്വാനം. നിങ്ങളുടെ നല്ല പ്രവർത്തിയിൽ മാത്രം ആശ്രയിക്കരുത്. ക്രൂശിൽ നൽകപ്പെട്ട പുത്രനിൽ വിശ്വസിക്കുകയെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

മരാമൺ മണപ്പുറത്തു നടന്ന കൺവൻഷൻ മാർത്തോമ്മ സഭാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മ മെത്രപ്പോലീത്ത ഉദ്ഘാടനം ചെയതു.

## പാസ്റ്റർ ജെയിംസ് അലക്സാണ്ടറുടെ മകൻ ജോബ് അപകടത്തിൽ മരിച്ചു

**പത്തനാപുരം:** ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗവും പത്തനാപുരം കമുകുംചേരി ഐ.പി.സി.സഭാ ശിശ്രൂഷകനും അടൂർ വയലാ പാറവിള പുത്തൻവീട്ടിൽ പാസ്റ്റർ ജെയിംസ് അലക്സാണ്ടറുടെ മകൻ ജോബ് (19) ട്രെയിനിൽ നിന്നും വീണ് മരണപ്പെട്ടു. കോയമ്പത്തൂരിൽ സി. എ. രണ്ടാം വർഷ വിദ്യാർത്ഥിയായ ജോബ് തിരുവനന്തപുരത്ത് സഹപാഠിയുടെ സഹോദരിയുടെ വിവാഹത്തിൽ പങ്കെടുത്ത് തിരികെ കോയമ്പത്തൂരിലേക്ക് മടങ്ങിപ്പോകുമ്പോഴാണ് ദാരുണമായ അപകടം സംഭവിച്ചത്. ജോബിനോപ്പം തെറിച്ചുവീണ സ്നേഹിതൻ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. ഫെബ്രുവരി 11 ന് കടക്കാവൂർ റെയിൽവേ സ്റ്റേഷനടുത്തുവച്ചാണ് അപകടം നടന്നത്.

സംസ്കാരം ഫെബ്രുവരി പതിനാലിന് അടൂർ വയലാ ഐ.പി.സി. സെമിത്തേരിയിൽ നടന്നു.

മാതാവ്: ബിൻസി ജെയിംസ്, സഹോദരി: ക്രിസ്റ്റി. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിച്ചാലും.

## തിമഥി ചിൽഡ്രൻസ് ഫെസ്റ്റ്: ട്രെയിനിംഗുകൾക്ക് തുടക്കമായി

ചിൽഡ്രൻസ് ഫെസ്റ്റ് ട്രെയിനിംഗുകൾക്ക് തുടക്കമായി. മദ്ധ്യവേനൽ അവധിക്കാലത്ത് പ്രമുഖ ബാല സുവിശേഷീകരണ പദ്ധതിയായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ട്രെയിനിംഗുകൾ ആരംഭിച്ചു. ഇത്തവണ കേരളത്തിനുടനീളം നൂറോളം ട്രെയിനിംഗുകളാണ് നടക്കുക. മാസ്റ്റേഴ്സ്, ഡയറക്ടേഴ്സ്, ക്യാപ്സ്യൂൾ ട്രെയിനിംഗ് എന്നിങ്ങനെ മൂന്ന് തലങ്ങളിലാണ് ട്രെയിനിംഗുകൾ നടക്കുന്നത്. മൂന്നു മണിക്കൂർ സമയം കൊണ്ട് മൾട്ടീമീഡിയയുടെ സഹായത്തോടെ ക്രമീകരിക്കുന്ന തീവ്ര പരിഷീലന പരിപാടിയാണ് ക്യാപ്സ്യൂൾ ട്രെയിനിംഗ്.

ഡയറക്ടേഴ്സ്, മാസ്റ്റേഴ്സ് ട്രെയിനിംഗുകൾ രണ്ട്, മൂന്ന് ദിവസങ്ങളിലായി നടത്തപ്പെടുന്ന ക്രമീകൃത ബാലസുവിശേഷീകരണ പരിശീലനങ്ങളാണ്. തുടക്കകാർക്ക് പോലും അനുഗ്രഹീതരായ ബാല സുവിശേഷീകരായി മാറാൻ കഴിയുന്ന നിലയിൽ സമ്പുഷ്ടമായ ട്രെയിനിംഗുകളാണ് ചിൽഡ്രൻസ് ഫെസ്റ്റിന്റേത്. പാസ്റ്റേഴ്സ്, സൺഡേസ്ക്കൂൾ അദ്ധ്യാപകർ തുടങ്ങി കുട്ടികളുടെ ശുശ്രൂഷയിൽ തൽപ്പരരായ ആർക്കും ട്രെയിനിംഗുകളിൽ പരിശീലനം നേടാവുന്നതാണ്. വിവിധ സ്ഥലങ്ങളിലെ ട്രെയിനിംഗുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9656217909, 9847279661

## വ്യക്തിഗത ചാമ്പ്യൻഷിപ്പ് സഹോദരി വിദ്യ സന്തോഷിന്

**തിരുവല്ല:** ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ യുവജനവിഭാഗമായ ഫെയ്ത്ത് ലീഡേഴ്സ് അനോയിന്റഡ് ജനറേഷന്റെ (FLAG) സംസ്ഥാനതല താലന്ത് പരിശോധനയിൽ സിസ്റ്റർ വിദ്യ സന്തോഷ് വ്യക്തിഗത ചാമ്പ്യൻഷിപ്പ് നിലനിർത്തി. പ്രാദേശിക, ജില്ല, സോണൽ തലങ്ങൾക്ക് ശേഷം സംസ്ഥാന തലത്തിലും ശ്രദ്ധേയമായ വിജയം നേടിയ വിദ്യയ്ക്ക് 50,000 രൂപ ക്യാഷ് പ്രൈസ് ലഭിച്ചു. 2012-ലെ സംസ്ഥാന മത്സരത്തിലും വ്യക്തിഗത ചാമ്പ്യൻ ആയിരുന്നു. നല്ലൊരു പ്രാസംഗികയും ഗായികയുമായ സിസ്റ്റർ വിദ്യ വിവിധ നിലകളിൽ ദൈവവേലയിൽ പ്രയോജനപ്പെടുന്നു. ഫെയ്ത്ത് ലീഡേഴ്സ് പബ്ലിക്കേഷൻസ് മാനേജിംഗ് എഡിറ്റർ ഇവാ. സന്തോഷ് ജോസഫിന്റെ ഭാര്യയാണ്.



*ഉൾപേജുകളിൽ...*


ശരിയായ സമർപ്പണം: പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

കാഴ്ചകൾക്കപ്പുറം: പാസ്റ്റർ മനോജ് തമ്പി (അടൂർ)

ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവമൂല്യങ്ങൾക്കുള്ള പ്രസക്തി : ഷിബു തമ്പി (ഡൽഹി)

സുഗന്ധം പരത്തുന്ന സൂപ്പർ ഹിറ്റ് : ഇവാ. ജോൺ സാമുവൽ(മണക്കാല)

പത്രാധിപ ലേഖനം.......

# ശരിയായ സമർപ്പണം

റോമാ ലേഖനം യേശുക്രിസ്തുവിനെ ‘നമ്മുടെ നീതി’യായി ചിത്രീകരിച്ചിരിക്കുന്നു. സുവിശേഷം എന്ന സത്യത്തെ വ്യക്തമായി ഇതിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ ശക്തിയിൽ വിശ്വാസത്താലുള്ള ജീവിതത്തിന്റെ തത്വങ്ങൾ പൗലൊസ് വ്യക്തമായി ഈ ലേഖനത്തിൽ വരച്ചുകാട്ടിയിരിക്കുന്നു. പന്ത്രണ്ടു മുതൽ പതിനഞ്ച് വരെയുള്ള അദ്ധ്യായങ്ങളിൽ പൗലൊസ് ജീവനെയും ജീവിതത്തെയും കുറിച്ചുള്ള ചോദ്യങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നു. പന്ത്രണ്ടാം അദ്ധ്യായം ആരംഭിക്കുന്നത് ശരിയായ സമർപ്പണം എന്തെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ്.

ജീവിതത്തിൽ മാതൃകാനുസാരമായ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നവർ വിജയങ്ങൾ കൊയ്യും. കഴിഞ്ഞ നാളുകളെക്കാൾ അവസരങ്ങളും സാഹചര്യങ്ങളും ഇന്ന് ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. അറിവും വിദ്യാഭ്യാസവും കഴിവും ഒത്തിണങ്ങിയ ഒരു യുവതലമുറയാണ് ഇന്നുള്ളത് എങ്കിലും ശരിയായത് തെരെഞ്ഞെടുക്കുന്നതിൽ പലരും പരാജിതരാണ്. ദൈവീകമായ താലന്തുകളെ ശരിയായ വഴിയിലൂടെ നയിക്കുമ്പോൾ പരാജയം പിൻമാറ്റപ്പെടുന്നു. എല്ലാ അവസരങ്ങളും എനിക്കുള്ളതല്ല എന്നതും എന്റെ അവസരങ്ങളെ ഞാൻ നഷ്ടപ്പെടുത്തില്ല എന്നതും വളരെ പ്രധാനപ്പെട്ട തിരിച്ചറിവുകളാണ്. സ്വയത്തിലുള്ള വിശ്വാസത്തെക്കാൾ ഉപരി, സ്വന്തകഴിവുകളും മികവുകളും തിരിച്ചറിയുന്നതിലുപരി ദൈവവുമായുള്ള ബന്ധമാണ് പ്രധാനം. കഴിവുകളോ മികവുകളോ തിരിച്ചറിയാതിരുന്ന യേശുവിന്റെ ശിഷ്യന്മാർ ലോകചരിത്രത്തിന്റെ ഭാഗമായത് സ്വയത്തിലുള്ള വിശ്വാസമോ അറിവോ കൊണ്ടായിരുന്നില്ല, പ്രത്യുത ദൈവത്തിലുള്ള ആഴമേറിയ സമർപ്പണ മനോഭാവം മൂലമായിരുന്നു.

എന്താണ് ശരിയായ സമർപ്പണം? ക്രിസ്തീയ സമർപ്പണത്തിനു മൂന്ന് പടികളുണ്ട്. ഒന്ന്, ദൈവത്തിന് നാം നമ്മുടെ ശരീരം നൽകുക (റോമർ 12:1). നാം ക്രിസ്തുവിൽ ആകുന്നതിന് മുമ്പ് നമ്മുടെ ശരീരത്തെ പാപത്തിന്റെ ഉൻമാദങ്ങൾക്കും അഭിലാഷങ്ങൾക്കും വേണ്ടി ഉപയോഗിച്ചിരുന്നു എങ്കിലും ഇപ്പോൾ നാം അവന്റേത് ആയശേഷം നമ്മുടെ ശരീരത്തെ ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ശരീരം ദൈവം വസിക്കുന്ന ആലയമാണ്. നമ്മുടെ ശരീരം മൂലം ദൈവത്തെ മഹത്വപ്പെടുത്തുന്നതും ഉയർത്തുന്നതും നമ്മുടെ വിശേഷാധികാരമാണ്. യേശുക്രിസ്തു തന്നെത്താൻ ത്യജിച്ച് മനുഷ്യശരീരം പ്രാപിച്ച് ദൈവഹിതം നിവർത്തിപ്പാൻ വന്നതുപോലെ നാമും നമ്മുടെ ശരീരങ്ങളെ ക്രിസ്തുവിന് സമർപ്പിച്ച് നമ്മിലൂടെ ദൈവീക പ്രവൃത്തി തുടരാൻ അനുവദിക്കണം. നമ്മുടെ ശരീരത്തിലെ ഓരോ അവയവങ്ങളേയും നീതിയുടെ ഉപകരണങ്ങളായി പരിശുദ്ധാത്മാവ് നമ്മിലൂടെ ദൈവവേല നിവർത്തിക്കുവാൻ സമർപ്പിക്കണം. പഴയനിയമത്തിലെ യാഗങ്ങൾ നിർജ്ജീവങ്ങളായിരുന്നു. എന്നാൽ നാം ജീവനുള്ള യാഗമാകണം. വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന രണ്ട് ജീവനുള്ള യാഗങ്ങൾ അവയുടെ അർത്ഥം എന്താണെന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കും. ഇതിൽ ആദ്യത്തേത് യിസ്ഹാക്കിന്റേതും (ഉല്പത്തി 22) രണ്ടാമത്തേത് യേശുക്രിസ്തുവിന്റെയും യാഗങ്ങളാണ്. യിസ്ഹാക്ക് സ്വമനസ്സാലെ ബലിപീഠത്തിൽ തന്നെത്താൻ സമർപ്പിക്കുകയും ദൈവേഷ്ടമനുസരിച്ച് മരിക്കയും ചെയ്യുമായിരുന്നു. എന്നാൽ യഹോവയായ ദൈവം ഒരു ആട്ടുകൊറ്റനെ അവനു പകരം അയച്ചു. സ്വമനസ്സാലെ ദൈവത്തിന്റെ ഇഷ്ടത്തിന് ഏൽപ്പിച്ചുകൊടുത്ത യിസ്ഹാക്ക് ആ യാഗപീഠത്തിൽ നിന്നെഴുന്നേറ്റപ്പോൾ ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കുന്ന ഒരു ബലിയായിത്തീർന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു ജീവിക്കുന്ന യാഗത്തിന് ഒരു മകുടോദാഹരണമാണ്. യേശു യഥാർത്ഥത്തിൽ തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ബലിയായി മരിച്ചു. എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റു. കാൽവറിയിലെ മുറിവുകൾ തന്റെ ദേഹത്ത് വഹിച്ച് ഇന്ന് അവൻ സ്വർഗ്ഗത്തിൽ ഒരു ജീവിക്കുന്ന യാഗമായി, നമ്മുടെ മഹാപുരോഹിതനായി, ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ വിരാജിക്കുന്നു. നമ്മുടെ ശരീരങ്ങളേയും നമുക്ക് ദൈവത്തിനായി സമർപ്പിക്കാം.

രണ്ട്, ദൈവത്തിന് നാം നമ്മുടെ മനസ്സ് നൽകുക(12:2). ലോകം നമ്മുടെ മനസ്സിനെ നിയന്ത്രിക്കാനാഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ മനസ്സിനെ പുതുക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. ബൈബിളിൽ പുതുക്കുക എന്നതിന് രൂപാന്തരപ്പെടുക എന്നും അർത്ഥമുണ്ട്. അത് ഉള്ളിൽ നിന്നു വരുന്ന മാറ്റത്തെക്കാണിക്കുന്നു. നമ്മുടെ ഹൃദയത്തെ സ്വാധീനിക്കുന്നതിനായി ലോകം എപ്പോഴും സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ നിന്ന് ശക്തിയെ പുറപ്പെടുവിച്ച് ഹൃദയത്തെ നിയന്ത്രിക്കുന്നു. നമ്മുടെ ചിന്തകളെ ലോകം നിയന്ത്രിച്ചാൽ നാം ലോകത്തോട് അനുരൂപമായിപ്പോകും. എന്നാൽ നമ്മുടെ ചിന്തകളെ ദൈവം നിയന്ത്രിക്കുന്നുവെങ്കിൽ നാം രൂപാന്തരപ്പെട്ടവരാകും. ദൈവം നമ്മുടെ മനസ്സുകളെ പുതുക്കുകയും നമ്മെ ആത്മീയ ഹൃദയമുള്ളവരാക്കുന്നതും തന്റെ വചനത്താലാണ്. ദൈവവചനത്തെ ധ്യാനിച്ചും, ഓർമ്മിച്ചും നമ്മുടെ ഉള്ളിലെ മനുഷ്യന്റെ ഭാഗമാക്കിയും നാം സമയം ചെലവഴിച്ചാൽ ദൈവം നമ്മുടെ മനസ്സുകളെ ക്രമേണ കൂടുതൽ ആത്മീയ തേജസ്സുള്ളതാക്കും.

മൂന്ന്, ദൈവത്തിന് നാം നമ്മുടെ ഇച്ഛയെ നൽകുക. മനസ്സ് നമ്മുടെ ശരീരത്തെ നിയന്ത്രിക്കുന്നു; നമ്മുടെ ഇഷ്ടങ്ങൾ മനസ്സിനേയും നിയന്ത്രിക്കുന്നു. ഇച്ഛാശക്തിയാൽ തങ്ങളുടെ ഇച്ഛയെ നിയന്ത്രിക്കാമെന്ന് ചിന്തിക്കുന്നവർ അതിൽ പരാജിതരാകുന്നു. നാം നമ്മുടെ ഇച്ഛയെ ദൈവത്തിന് സമർപ്പിക്കുമ്പോൾ അവന്റെ ശക്തി അത് ഏറ്റെടുത്ത് നമുക്ക് ഇച്ഛാശക്തി നൽകുന്നു. ഒരു ജയാളിയായ ക്രിസ്ത്യാനിയാകുവാൻ ഇവ രണ്ടും നമുക്കാവശ്യമാണ്. നാം നമ്മുടെ ഇച്ഛകൾ ദൈവത്തിന്റെ മുമ്പിൽ അടിയറ വയ്ക്കുന്നത് അച്ചടക്കത്തോടുള്ള പ്രാർത്ഥനയിൽ കൂടിയാണ്. നാം പ്രാർത്ഥനയിൽ സമയം ചെലവഴിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കണം, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം തന്നെ ഭവിക്കേണമേ. നാം എല്ലാറ്റിനും വേണ്ടി പ്രാർത്ഥിക്കണം. എന്നാൽ എല്ലാറ്റിലും ദൈവത്തിന്റെ വഴി ഒരുക്കുവാൻ അനുവദിക്കണം. സകല പാപവും ഒരുവനിൽ ഉടലെടുക്കുന്നത് ഹൃദയത്തിൽ നിന്ന് വരുന്ന ഇച്ഛയിൽ നിന്നാണ്. ഹൃദയത്തിൽ നിന്നു പുറത്തുവരുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നതെന്ന് യേശു സ്പഷ്ടമായി പഠിപ്പിച്ചു. സകല ജാഗ്രതയോടും നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക എന്ന് ദൈവവചനം കല്പിക്കുന്നത് അതിനാലാണ്. നിഗളത്തിന്റെയും പാപത്തിന്റെയും ജന്മസ്ഥലമായി ഏതു നിമിഷവും തീരുവാൻ സാധ്യതയുള്ള അകത്തെ മനുഷ്യനെ വചനത്താലും ആത്മാവിനാലും നാം നിരന്തരം പുഷ്ടിപ്പെടുത്തണം.

സമർപ്പണമില്ലാതെ നിഗളഭാവത്തോടെ നടക്കുന്നവരെ ദൈവം വെറുക്കുന്നു. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നുവെന്ന് ബൈബിൾ പഠിപ്പിക്കുന്നു. തങ്ങളുടെ ഹൃദയവിചാരത്താൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിച്ചുകളയും. ഗർവ്വം നമ്മുടെ മനസ്സിൽ സ്ഥാനം പിടിച്ചാൽ വീഴ്ച പുറകേ വരുന്നുണ്ടെന്ന് നാം മനസിലാക്കണം. ദൈവം ഇല്ലെന്നു വിശ്വസിക്കുന്നവരുണ്ട്, അവരെ നിരീശ്വരവാദികൾ എന്ന് വിളിക്കുന്നു. അവർ മൂഢന്മാരാണെന്ന് ബൈബിൾ പറയുന്നു. എന്നാൽ പിശാച് ഒരു നിരീശ്വരവാദിയല്ല. ദൈവം ഉണ്ടെന്ന് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നവനാണ് പിശാച് (യാക്കോബ് 2: 19). ഇത്തരത്തിൽ ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ ദൈവത്തെ കൂടാതെ സമർപ്പണമില്ലാതെ ജീവിക്കുന്നവർ വളരെയുണ്ട്. പിശാചാണ് അവരുടെ നായകൻ. ദൈവമുണ്ടെന്ന് അവർക്കറിയാമെങ്കിലും അവർ ദൈവത്തിലാശ്രയിക്കാതെ സ്വയത്തിലും മറ്റുവഴികളിലും ആശ്രയിക്കുന്നവർ നിഗളത്തിലേക്ക് നീങ്ങുന്നു. സമർപ്പണമില്ലാതെ ദൈവത്തെ ഒഴിവാക്കി ജീവിക്കുവാൻ പരിശ്രമിക്കുന്ന നിഗളികളോടുകൂടെ ദൈവം വസിക്കുന്നില്ല. മറിച്ച് വിനയവും സമർപ്പണവുമുള്ളവരോടുകൂടി അവൻ വസിക്കുന്നു.

നമ്മുടെ ഓരോ ദിവസവും ദൈവത്തിനു മുമ്പാകെയുള്ള സമർപ്പണത്തോടെ നമുക്കാരംഭിക്കാം, നമ്മുടെ മനസ്സ് ദിവസേന പുതുക്കപ്പെടുവാൻ നമുക്കനുവദിക്കാം, വചനവുമായി സമയം ചെലവഴിക്കാം. അങ്ങനെയെങ്കിൽ ഓരോ ദിവസവും ഓരോ പുതിയ അനുഭവമായി ദൈവം മാറ്റും. ശരിയായ സമർപ്പണം ഇന്നിന്റെ ആവശ്യമാണ്, നാം ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെയും മനസ്സുകളെയും ഇച്ഛകളെയും ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## സുഗന്ധം പരത്തുന്ന സൂപ്പർഹിറ്റ്

(നാലാം പേജിൽ നിന്നും തുടർച്ച)

ഫോട്ടോ കണ്ടപ്പോൾ ബാല്യം മുതൽ പാട്ടുപാടാൻ ഉണ്ടായിരുന്ന ആഗ്രഹം അന്നുവരെ സാധ്യമാകാത്തതിന്റെ ദുഃഖം അണപൊട്ടിയൊഴുകി പൊട്ടിക്കരഞ്ഞു. അടുത്ത ദിവസം വിശ്രമവേളയിൽ ആത്മസാന്നിധ്യം അനുഭവിച്ചറിഞ്ഞ സുനിൽ ആത്മാവിൽ പാടാൻ തുടങ്ങി.

“എന്നെ തിരഞ്ഞെടുക്കുവാൻ
അവനിയിൽ എന്തുയോഗ്യനാണ് ഞാൻ
അൻപുള്ള നായകനേ
അറിവോടെ എന്നെ നയിച്ചീടണമേ”

എന്നു തുടങ്ങുന്ന നാല്പത് വരികൾ പാടി പകർത്തി എഴുതി.

തുടർന്നും ഇതുപോലെ പലഗാനങ്ങളും ആത്മാവിൽ നിറഞ്ഞ് എഴുതുവാൻ തുടങ്ങി. 1995 മാർച്ച് 5ന് ഗുജറാത്തിലെ അഹമ്മദാബാദിലുള്ള സബർമതി നദിയിൽ പാസ്റ്റർ ബാബു ശാമുവേലിന്റെ കൈക്കീഴിൽ സ്നാനമേറ്റു. 1996 മുതൽ ഉള്ള മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിലെ വേദപഠനാന്തരം മൂവാറ്റുപുഴയിലേക്ക് സഭാശുശ്രൂഷയ്ക്കായി പോയി. സഭയിൽ 21 ദിവസത്തെ ഉപവാസം തുടങ്ങിയതിന്റെ 2 -ാം ദിവസം പിന്നിട്ട ജീവിത യാത്രയിലെ തിക്തമായ അനുഭവങ്ങളും പൂവണിയാതിരുന്ന ഹൃദയാഗ്രഹങ്ങളും എല്ലാം തന്നിലേക്ക് ഒരു നിമിഷം കൊണ്ട് ഫ്ളാഷ്ബാക്കായി ഓടിയെത്തി. ഗുജറാത്തിലായിരിക്കുമ്പോൾ അമ്മയുടെ കത്തിലുടെ ലഭിച്ച ഞെട്ടിപ്പിക്കുന്ന വാർത്ത അപ്പോഴും ഓർമ്മയിലുണ്ട്. വടക്കേന്ത്യയിൽ വച്ച് മരിച്ച് പെട്ടിക്കുള്ളിൽ നാട്ടിൽ വരുവാൻ തനിക്കെതിരെ മന്ത്രവാദം ചെയ്യിച്ചവരുടെ, മന്ത്രവാദിയെ സഹായിക്കുവാൻ നിന്ന മരുമകൻ മരണപ്പെട്ട് മൃതദേഹം നാട്ടിലെത്തിച്ചു എന്ന വാർത്ത. തന്നോടുള്ള ദൈവത്തിന്റെ കരുതലിനെ ഓർത്ത് ആത്മാവിൽ പെട്ടെന്നുണ്ടായ പ്രേരണയാൽ സുനിൽ ഉറക്കെ പരിസരം മറന്ന് പാടുവാൻ തുടങ്ങി.

“അഗ്നിയിൽ നാളങ്ങൾ വെള്ളത്തിൻ ഓളങ്ങൾ
എന്നെ തകർക്കുവാൻ സാദ്ധ്യമല്ല
അഗ്നിയിലിറങ്ങി വെള്ളത്തിൽ നടന്ന്
കൂടെ വരുവാൻ കർത്തനുണ്ട്”

ലോകമെമ്പാടുമുള്ള മലയാളികൾ പാടി ആത്മാവിൽ ഇന്ന് ആരാധിക്കുന്ന ഒരു സൂപ്പർഹിറ്റ് ഗാനത്തിന് അവിടെ തുടക്കം കുറിക്കുകയായിരുന്നു.

“കാണുന്നു ഞാൻ വിശ്വാസത്താൽ
എൻ മുമ്പിൽ ചെങ്കടൽ രണ്ടാകുന്നു
കാണാത്ത കാര്യങ്ങൾ കൺമുൻപിലെന്നപോൽ
വിശ്വസിച്ചീടുന്നു എൻ കർത്താവിൽ

യരീഹോ മതിലുകൾ ഉയർന്നു നിന്നാൽ
അതിൻ വലിപ്പം സാരമില്ല
ഒന്നിച്ചു നാം ആർപ്പിട്ടെന്നാൽ
വൻമതിൽ വീഴും കാൽചുവട്ടിൽ”

ലോകമെമ്പാടുമുള്ള പതിനായിരക്കണക്കിന് ദൈവമക്കൾ ഈ ഗാനം ആലപിക്കുന്നുണ്ടെങ്കിലും ഗാനത്തിന്റെ വരികളിൽ പലരും തിരുത്തൽ വരുത്തുന്നത് ഏറെ വിഷമിപ്പിക്കുന്നുണ്ടെന്ന് സുനിൽ വ്യക്തമാക്കി. ഏകദേശം നാല്പതോളം ഗാനങ്ങൾ എഴുതി സംഗീതം നൽകിയിട്ടുണ്ട്. ഏറ്റവും പുതിയ 10 ഗാനങ്ങൾ അടങ്ങിയ കാണുന്നു ഞാൻ വിശ്വാസത്താൽ എന്ന തന്റെ പ്രഥമഗാനോപഹാരം സി.ഡി ഫെബ്രുവരിയിൽ പ്രകാശനം ചെയ്തു. ഈ ഗാനോല്പത്തികളേക്കുറിച്ച് കൂടുതൽ അറിയുവാൻ 09447594405 എന്ന നമ്പരിൽ സുവി. സുനിൽ പത്തനാപുരവുമായി ബന്ധപ്പെടാവുന്നതാണ്. സുഗന്ധം പരത്തുന്ന സൂപ്പർഹിറ്റുകളുടെ തുടക്കം ലഭ്യമാണ്.

**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Niwas, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |

**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# കാഴ്ച്ചകൾക്കപ്പുറം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**തരു**നിരകൾ തടം പാകിയ താഴ്വരകൾ, അംബരചുംബികളായ പർവ്വതനിരകൾ, കർമ്മോത്സാഹികളായ താപസികൾ, മതേതരസംസ്കൃതിയുടെ പ്രതിനിധികൾ, ഇങ്ങനെ ഭാരതീയ ചരിത്രത്തെ സമൃദ്ധമാക്കിയ ഒട്ടനവധി മൂല്യങ്ങൾ നമ്മെ സന്തോഷിപ്പിക്കുന്നു. വികസന പാതകളിലൂടെ ലോകത്തിലെ വൻകിട സാമ്പത്തിക ശക്തിയായി ഭാരതം വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ നക്ഷത്രവേശ്യാലയങ്ങൾ, ഗുണ്ടാസംഘങ്ങൾ,അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങി അമ്മത്തൊട്ടിൽ വരെ എത്തി നിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ജീവിതം ദുഃസഹമായിക്കൊണ്ടിരിക്കുന്നു. എന്താണ് ജീവിതമെന്നും, എന്തിനാണ് ജീവിതമെന്നും തിരിച്ചറിയാതെ നിരവധി വ്യക്തികൾ നശിച്ചുകൊണ്ടിരിക്കുന്നു.

തത്വചിന്തകളും, ശാസ്ത്രവും, വികസനവും, എല്ലാം ജീവിതത്തെ കരുപിടിപ്പിക്കുവാനാണ് മനുഷ്യന് ലഭിച്ചിരിക്കുന്നത്. ഹിരാക്ലിറ്റസിന്റെ (Heracletus) അഭിപ്രായത്തിൽ ലോകം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു . ഈ മാറ്റങ്ങൾക്കനുസരിച്ച് മാറുവാൻ കഴിയുന്നവർക്ക് ജീവിതം ആസ്വദിക്കാം. സാമൂഹിക, ധാർമ്മിക, ആത്മീക മൂല്യങ്ങളെ കാറ്റിൽപ്പറത്തി മാറ്റങ്ങൾ എന്ന് വ്യാഖ്യാനിച്ചപ്പോൾ സ്വവർഗ്ഗ വിവാഹം, വിവാഹമോചനം, യുക്തിവാദം, നിരീശ്വരവാദം എന്നീ ചിന്തകൾ ഉണ്ടായി. എന്നാൽ ബൈബിൾ സത്യങ്ങളും, ദൈവവും ഒരിക്കലും മാറുന്നില്ല. 19-ാം നൂറ്റാണ്ടിലെ പ്രതിഭയായിരുന്ന കാറൽ മാക്സിന്റെ ചിന്തയിൽ ജീവിതം ഊഷ്മളമാകുവാൻ ഒരു വർഗ്ഗരഹിത സമൂഹം, സമത്വസുന്ദരമായ ലോകം ഉണ്ടാകണം. എന്നാൽ ഭാഷകളും, രാജ്യങ്ങളും, ജാതി സങ്കല്പങ്ങളും, സമ്പന്നരും ദരിദ്രരും തമ്മിലുള്ള വേർതിരിവുകളും സമത്വത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. ലോകത്തിൽ സമത്വം ഉണ്ടാകുവാൻ പര്യാപ്തമായ ബൈബിൾ സത്യമാണ് ദൈവ രാജ്യം . ദൈവീക ഭരണം അംഗീകരിക്കുമ്പോഴാണ് സമൂഹത്തിൽ സമത്വവും അനുബന്ധ അനുഗ്രഹങ്ങളും ഉണ്ടാകുന്നത്.

സാമ്പത്തിക പ്രത്യയശാസ്ത്രം (Economics) മനുകുടുംബത്തെ വാണിജ്യ സംസക്കാരത്തിന്റെ വഴിവക്കിൽ കൊണ്ടെത്തിച്ചിരിക്കുന്നു. മൂല്യമാണ് ജീവിത(alue is life)മെന്ന് സമർത്ഥിക്കുന്ന പ്രസ്തുത ശാസ്ത്ര ശാഖയുടെ മൂല്യം കള്ളനോട്ടുകൾക്കും, മായം ചേർക്കലിനും വഴിമാറി. ജീവിതത്തിന് മൂല്യംനൽകുന്നത് ആത്മീക അനുഭവങ്ങളും, ദൈവീക കൂട്ടായ്മയുമാണ്. ജീവിത വഴിത്താരകളിലേക്ക് ചിന്താസൂക്തങ്ങൾ വാരിവിതറിയ സോക്രട്ടീസിന്റെ സ്വയം അറിയുക (Know yourself) എന്ന ആപ്തവാക്യത്തിൽ ആകൃഷ്ടനായ മഹാനായ അലക്സാണ്ടർ നാം വ്യഖ്യാനിക്കുന്ന ജീവിത വിജയം നേടി. എങ്കിലും അദ്ദേഹത്തിന്റെ ജീവാവസാനം ദൈവത്തെ അറിയാതെ പോയതിന്റെ കുറവ് പ്രകടമായിരുന്നു. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണ് ജീവിതലക്ഷ്യമെന്നും (എപ്പികൂരിയനിസം), സുഖഭോഗത്തിനാണ് (Sensualism) ജീവിതമെന്നും പഠിപ്പിക്കുന്നവരുണ്ട്.

ജീവിതം ദൈവത്തിന്റെ ദാനമാണ് (സഭാപ്രസംഗി: 5:19) മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ജീവിക്കുവാൻ വേണ്ടിയാണ്. ജീവതം ചെറുത്തു നിൽപ്പാണ്, കാരണം യേശുവിന്റെ പ്രസ്താവന അനേകം കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നാകുന്നു. ദൈവത്തിന്റെ ശ്വാസമുള്ള ഏകസൃഷ്ടി മനുഷ്യനാണ്. അതുകൊണ്ട് ജീവിതം അവസാനിപ്പിക്കുവാൻ മനുഷ്യന് അധികാരമില്ല. മനുഷ്യജീവിതത്തിന്റെ അത്യന്തിക വെല്ലുവിളി മരണമാണ്. മരണഭയം ജീവിതത്തെ നിറമില്ലാത്തതാക്കുന്നു, നിരാശാപൂരിതമാക്കുന്നു. എന്നൽ ക്രൂശ്മരണത്തിലൂടെ മരണത്തെ പരാജയപ്പെടുത്തിയ യേശുക്രിസ്തു ഭയരഹിതരായി ജീവിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. അവിടെയാണ് ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് .

> **വിശ്വാസത്താൽ ജീവിക്കാമെന്ന പ്രഖ്യാപനത്തിലൂടെ ജീവിത ഭാരത്തെ ലഘൂകരിക്കുന്ന ക്രൈസ്തവ ഉപദേശം ദൈവത്തിൽ വിശ്വസിക്കുക എന്ന ജീവിതപ്രമാണത്തിലേക്ക് വിരൽചൂണ്ടുന്നു. ജീവിത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ പകച്ചു നിൽക്കുന്ന നവീന തലമുറ യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടുന്നു. നമ്മുടെ പ്രവർത്തനങ്ങളും തീരുമാനങ്ങളും ദൈവീക പ്രമാണങ്ങൾക്ക് അനുസൃതമാകുമ്പോൾ ജീവിതം അർത്ഥ സംപുഷ്ടമാകുന്നു.**

എങ്ങനെ ജീവിക്കും എന്നതാണ് ജീവിതത്തെ സമ്മർദ്ദത്തിലാഴ്ത്തുന്ന മറ്റൊരു സമസ്യ. വിശ്വാസത്താൽ ജീവിക്കാമെന്ന പ്രഖ്യാപനത്തിലൂടെ ജീവിത ഭാരത്തെ ലഘൂകരിക്കുന്ന ക്രൈസ്തവ ഉപദേശം ദൈവത്തിൽ വിശ്വസിക്കുക എന്ന ജീവിതപ്രമാണത്തിലേക്ക് വിരൽചൂണ്ടുന്നു. ജീവിത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ പകച്ചു നിൽക്കുന്ന നവീന തലമുറ യാഥാർത്ഥ്യങ്ങളിൽ നിന്നും ഒളിച്ചോടുന്നു. നമ്മുടെ പ്രവർത്തനങ്ങളും തീരുമാനങ്ങളും ദൈവീക പ്രമാണങ്ങൾക്ക് അനുസൃതമാകുമ്പോൾ ജീവിതം അർത്ഥ സംപുഷ്ടമാകുന്നു. മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സൃഷ്ടിതാവിനോടുള്ള കടപ്പാടുകൾ നിറവേറ്റുമ്പോൾ ജീവിത വിജയം സാദ്ധ്യമാകുന്നു.

വികാരങ്ങളെക്കാൾ വിവേകം മനുഷ്യനെ ഭരിക്കുമ്പോൾ സാമൂഹിക ജീവിതം സമാധാനപൂർണ്ണമാകുന്നു. ഭൂമിയിലെ ജീവിതത്തെ സമൃദ്ധമാക്കുവാൻ ഒട്ടനവധി വിഭവങ്ങൾ ദൈവം ഒരുക്കി. അത്തരം വിഭവങ്ങളെ വെട്ടിപിടിക്കുന്ന വർത്തമാനകാല ഘട്ടത്തിൽ വിഭവങ്ങൾ പങ്കുവെക്കുന്ന ഒരു സംസ്ക്കാരമാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. പരസ്പരം സ്നേഹിക്കുന്നതിലൂടെപണം, ആരോഗ്യം, കഴിവുകൾ, സമയം എന്നിവ പങ്കവയ്ക്കപ്പെടുകയാണ്. ക്രിസ്തുവിനെ ലോകത്തിന് നൽകി ദൈവം തന്റെ സ്നേഹത്തെ പങ്ക് വെച്ചപ്പോഴാണ് നമ്മുടെ ജീവിതം അർത്ഥ സംപുഷ്ടമായി മാറിയത്. ജീവിതത്തെ പൂർണ്ണമാക്കുവാനുള്ള വ്യഗ്രതയിലാണ് മനുഷ്യൻ. ഇണതേടുക, ഇരതേടുക, ഇടംതേടുക എന്നിവയിലുപരി എന്തൊക്കെയോ തേടിയുള്ള യാത്രയിലാണ് സമൂഹം. ആ അന്വേഷണചിന്ത പൂർണ്ണതയിലെത്തുന്നത് ദൈവാന്വേഷണത്തിലാണ്. ദൈവത്തെ അന്വേഷിക്കുന്നവർ ദൈവത്തെ കണ്ടെത്തുന്നതോടൊപ്പം ബുദ്ധിയുള്ള സമൂഹത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്നു. ആ സമൂഹത്തെയാണ് സഭ എന്ന് സംബോധന ചെയ്തിരിക്കുന്നത്.

തുടരും

# ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി

(നാലാം പേജിൽ നിന്നും തുടർച്ച)

ഭാഗ്യവാന്മാർ; അവർ ഭൂമിയെ കൈവശമാക്കും എന്നത് ഗിരിപ്രഭാഷണത്തിൽ മൂന്നാമത്തെ ഭാഗ്യവചനമായി ക്രിസ്തു ഉദ്ദരിച്ചു (മത്തായി 5:5). മറ്റുള്ളവരുടെ മേൽ അധീശത്വം കാണിക്കുവാനുള്ള വാസനയെ സൗമ്യത നിയന്ത്രിക്കുന്നു. സൗമ്യത ബലഹീനതയല്ല, മോശയും യേശുവും സൗമ്യരായിരുന്നു. സംഖ്യ12:3- മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു. കർത്താവ് പറയുന്നു, ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്തായി 11:29). സൗമ്യത ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് (ഗലാത്യർ 5:23).

മറ്റുള്ളവരെ കീഴമർത്താനുള്ള നൈസർഗീയമായ വാസനയ്ക്ക് താഴ്മ കടിഞ്ഞാണിടുന്നു. പൂർണ്ണവിനയം യോഗ്യമായ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. ക്രിസ്തീയ ജീവിതത്തിൽ വിജയിക്കാതെ പോകുന്നതിന്റെ ഏറ്റവും പ്രധാനമായ കാരണം ഞാനെന്ന ഭാവമാണ്. നമ്മുടെ കഴിവുകളിൽ, സമ്പത്തിൽ, ആരോഗ്യത്തിൽ,വിദ്യാഭ്യാസത്തിൽ, സാമൂഹികമായ പദവികളിൽ, പാരമ്പര്യത്തിൽ, സമൂഹത്തിലുള്ള നമ്മുടെ സ്വാധീനതാ ശക്തിയിൽ, ചിലപ്പോൾ ദൈവവചനത്തിലുള്ള അറിവിൽ, മറ്റുള്ളവരെ തങ്ങൾ വിനയവും താഴ്മയും ഉള്ളവരാണെന്ന് തെറ്റിദ്ധരിപ്പിക്കാനുള്ള കപടഭാവത്തിൽ, ഇങ്ങനെ ഏതു വേഷവും കെട്ടാൻ ഞാനെന്ന ഭാവം മടിക്കയില്ല.

വിനയമുള്ളവരായിരുന്നാൽ ദൈവത്തോടും സഹവിശ്വസികളോടും സന്തോഷകരമായ കൂട്ടായ്മയും ആത്മീകാഭിവൃദ്ധിയും ഉണ്ടാകുമെന്നതിന് രണ്ടു പക്ഷമില്ല. ക്രിസ്തുവേശുവിന്റെ ഭാവം നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ നമുക്ക് സാധിക്കണം.

**4. ക്ഷമയും കരുണയും പ്രതിഫലിപ്പിക്കുന്ന പെരുമാറ്റം**

വിനയത്തിന്റെയും സൗമ്യതയുടെയും പ്രായോഗിക തലത്തിൽ ഒരു പടികൂടി മുന്നോട്ടുള്ള സ്വഭാവമാണ് ക്ഷമ. അന്യോന്യം ക്ഷമിക്കണം എന്നതിന്റെ മാനദണ്ഡം ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ചതുപോലെ നമ്മുടെ സഹോദരങ്ങളോട് ക്ഷമിക്കണമെന്നാണ്. ദൈവം നമ്മോട് കാണിച്ച ദയ, മനസ്സലിവ്, ദീർഘക്ഷമ എന്നിവ അനുഭവിച്ച് ആസ്വദിച്ചവരാണെങ്കിൽ ഈ ദിവ്യ സ്വഭാവങ്ങൾ നമ്മിൽ നിന്നും മറ്റുള്ളവർ കാണണം. യാതൊരു വ്യവസ്ഥയും കൂടാതെ ദൈവം നമ്മോട് കാണിച്ച ദയ എത്ര വലിയതാണ്. അനുകമ്പയുടെ ബാഹ്യപ്രകാശനമാണ് കരുണ.

**5. വേർപെട്ട ക്രിസ്തീയ ജീവിതം നയിക്കുക.**

വേർപാടിനേക്കുറിച്ചുള്ള ഉപദേശത്തിന്റെ രത്നച്ചുരുക്കം ഇതാണ്: ''വിശ്വാസി പാപങ്ങളിൽ നിന്നും പാപികളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവവചന വിരുദ്ധമായ ആരാധനകളിൽ നിന്നും വേർപെടണം. എല്ലാ വിധത്തിലുള്ള ഇണയില്ലാപ്പിണകളും ഒഴിവാക്കേണ്ടതാണ്.'' വിശ്വാസി പാപങ്ങളിൽ നിന്നു വേർപെടണം എന്നതു വലിയ ബുദ്ധിമുട്ടു കൂടാതെ മനസ്സിലാക്കാൻ പറ്റുന്ന വിഷയമാണ്. എന്നാൽ പാപികളിൽ നിന്നു വേർപെടണം എന്നതിന് അല്പം വിശദീകരണം ആവശ്യമായിരിക്കുന്നു. പാപി എന്നതിനു നാം സാധാരണ കൊടുക്കുന്ന അർത്ഥം മദ്യപൻ, വഴക്കാളി എന്നൊക്കെയാണ്. ഇത്തരക്കാർ പാപികളാണെന്നതിനു സംശയമില്ല. എങ്കിലും രക്ഷിക്കപ്പെടാത്തവർ (വീണ്ടും ജനനം പ്രാപിക്കാത്തവർ) എല്ലാം പാപികളാണ്. കാരണം, അവരുടെ പാപം അവരുടെ മേൽത്തന്നെ ഇരിക്കുന്നു. എത്ര നല്ലവനായി ജീവിച്ചാലും വീണ്ടുംജനനം പ്രാപിക്കാത്തവരെല്ലാം, അതായത് രക്ഷിക്കപ്പെടാത്തവരെല്ലാം, പാപികളാണ്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ മാത്രമാണ് പാപി വിശുദ്ധനാകുന്നത്. ആകയാൽ, പാപികളോടു വേർപെടണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് രക്ഷിക്കപ്പെടാത്തവരോടു കൂട്ടായ്മ പാടില്ല എന്നാണ്. പാപികളോടു വേർപെട്ടാൽ പിന്നെ അവരോടു സുവിശേഷം അറിയിക്കുന്നതെങ്ങനെ എന്നൊരു സംശയമുണ്ടാകാം. വേർപെടണം എന്നു പറഞ്ഞാൽ അവരുമായി സംസാരിക്കപോലും ചെയ്യരുത് എന്നല്ല. വിശ്വാസിക്ക് ഇടപെടേണ്ടി വരുന്നവരെ മൂന്നായി തിരിക്കാം:

1. രക്ഷിക്കപ്പെട്ടവർ.
2. രക്ഷിക്കപ്പെടാത്തവർ.
3. പിൻമാറ്റക്കാർ.

രക്ഷിക്കപ്പെട്ടവരോടു കൂട്ടും കൂട്ടായ്മയും ആകാം. കാരണം, അവർ നമ്മുടെ ശരീരത്തിന്റെ തന്നെ ഭാഗമാണ്. എന്നാൽ രക്ഷിക്കപ്പെടാത്തവരോടു കൂട്ടായ്മ പാടില്ല, കൂട്ടാകാം. പിൻമാറ്റക്കാരോടു കൂട്ടോ കൂട്ടായ്മയോ പാടില്ല. പൗലോസ് പറയുന്നു: "ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ; അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കുകപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്.'' 1കൊരി. 5:9-11.

> **വേർപാടിനേക്കുറിച്ചുള്ള ഉപദേശത്തിന്റെ രത്നച്ചുരുക്കം ഇതാണ്: "വിശ്വാസി പാപങ്ങളിൽ നിന്നും പാപികളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവവചന വിരുദ്ധമായ ആരാധനകളിൽ നിന്നും വേർപെടണം. എല്ലാ വിധത്തിലുള്ള ഇണയില്ലാപ്പിണകളും ഒഴിവാക്കേണ്ടതാണ്."**

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി



*2013 ആഗസ്റ്റ് 15 ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്ത ഭാഗം.*

**ഷിബു തമ്പി**
**ന്യൂഡൽഹി**

വേദപുസ്തക അടിസ്ഥാനത്തിൽ പുതിയ നിയമ വിശ്വാസിയിൽ ഉണ്ടായിരിക്കേണ്ട ചില പ്രധാന ധാർമിക കടപ്പാടുകളെ പറ്റി ചുവടെ വിവരിക്കുന്നു.

**1. എല്ലാ സാഹചര്യങ്ങളിലും ദൈവത്തോടുള്ള ആഴമേറിയ വിശ്വാസവും പ്രത്യാശയും ഉണ്ടായിരിക്കുക.**

വിശ്വാസത്തെ കുറിക്കുന്ന എബ്രായ പദം *എമുന* ആണ്. പഴയനിയമത്തിൽ വിശ്വാസം എന്ന വാക്ക് വിരളമാണെങ്കലും അതെ ആശയത്തോടെ ആശ്രയം എന്ന പ്രയോഗം കാണുന്നു (സങ്കീ. 26.1) പിസ്റ്റസ് (വിശ്വാസം), പിസ്റ്റ്യൂവോ(വിശ്വസിക്കുക) എന്നീ ഗ്രീക്ക് പദങ്ങൾ പുതിയനിയമത്തിൽ 240ഓളം പ്രാവശ്യം കാണുന്നു. സ്വന്തപ്രവൃത്തികളിൽ ആശ്രയിക്കാതെ രക്ഷയ്ക്കുവേണ്ടി ക്രിസ്തുവിൽ പൂർണ്ണമായി ആശ്രയിക്കുന്ന മനോഭാവമാണ് വിശ്വാസം. എബ്രായർ 10:23 പറയുന്നു, പ്രത്യാശയുടെ സ്വീകാര്യം നാം മുറുകെ പിടിച്ചുകൊള്ളുക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനല്ലോ. ഇപ്രകാരം ഉള്ള വിശ്വാസം നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചറിയുന്നുണ്ടെങ്കിൽ സാത്താന് നിങ്ങളെ വീഴ്ത്തിക്കളയുവാൻ കഴിയില്ല. അപ്പൊസ്തലപ്രവൃത്തികൾ 14:22 ൽ വിശ്വാസത്തിൽ നിലനിൽക്കണമെന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടവരാകുന്നു എന്നും പറയുന്നു. അതിശക്തമായ ഭീഷണിയുടെയും കഷ്ടങ്ങളുടേയും നടുവിലും വിശ്വാസത്തിൽ തുടരുവാൻ കഴിയണം. യേശുക്രിസ്തുവിലുള്ള ദൃഢമായ വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന്റെ പ്രഥമവും എറ്റവും പ്രധാന്യമേറിയതുമായ അടിസ്ഥാന തത്വം. ദൈവത്തിലുള്ള വിശ്വാസം നിങ്ങളെ ഭയത്തിൽ നിന്നും ഉത്കഠയിൽ നിന്നും വിടുവിക്കും.

> ക്രിസ്തീയ ജീവിതത്തിൽ വിജയിക്കാതെ പോകുന്നതിന്റെ ഏറ്റവും പ്രധാനമായ കാരണം ഞാനെന്ന ഭാവമാണ്. നമ്മുടെ കഴിവുകളിൽ, സമ്പത്തിൽ, ആരോഗ്യത്തിൽ,വിദ്യാഭ്യാസത്തിൽ, സാമൂഹികമായ പദവികളിൽ, പാരമ്പര്യത്തിൽ, സമൂഹത്തിലുള്ള നമ്മുടെ സ്വാധീനതാ ശക്തിയിൽ, ചിലപ്പോൾ ദൈവവചനത്തിലുള്ള അറിവിൽ, മറ്റുള്ളവരെ തങ്ങൾ വിനയവും താഴ്മയും ഉള്ളവരാണെന്ന് തെറ്റിദ്ധരിപ്പിക്കാനുള്ള കപട ഭാവത്തിൽ, ഇങ്ങനെ ഏതു വേഷവും കെട്ടാൻ ഞാനെന്ന ഭാവം മടിക്കയില്ല

**2. ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പാകെ ആത്മാർത്ഥതയുള്ളവരും വിശ്വസ്തരും ആയി ജീവിക്കുക**

ആത്മാർത്ഥതയ്ക്ക് തുറന്ന മനസ്സോടെ, കപടതയില്ലാതെ എന്ന് അർത്ഥം വരുന്നു. ക്രിസ്തു വിശ്വാസികൾ തുറന്ന മനസ്സോടെ, കപടതയില്ലാതെ പെരുമാറുന്നവരും പ്രവൃത്തിയും പ്രസംഗവും തമ്മിൽ അന്തരം ഇല്ലാത്തവരും ആയിരിക്കേണം. എഫെസ്യർ 4 :15 ൽ പറയുന്നു, സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകണം എന്ന്. 2കൊരിന്ത്യർ 8:22ൽ വിശുദ്ധ പൗലൊസ് പറയുന്നു; ഞങ്ങൾ കർത്താവിന്റെ മുമ്പിൽ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായത് മുൻകരുതുന്നു.

മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വീൻ എന്ന് മത്തായി 7:12 ൽ വായിക്കുന്നു. മറ്റുള്ളവരോട് നമുക്കുണ്ടാകേണ്ട മനോഭാവം നിയന്ത്രിക്കുന്ന ഒരു മഹാസത്യമാണ് ഈ വാക്യം വ്യക്തമാക്കുന്നത്. ഈ വാക്യത്തെ പാലിക്കുന്നവർ തങ്ങളെതന്നെയോ മറ്റുള്ളവരേയൊ മുറിവേൽപ്പിക്കുന്ന ഒരു പ്രവൃത്തി ചെയ്യുകയോ പറയുകയോ ഇല്ല. മറ്റുള്ളവരെ അവലോകനം ചെയ്യുന്നതിൽ ഈ തത്വം നാം പാലിക്കുന്നില്ലെങ്കിൽ നാം അഹങ്കാരികളും വിമർശകരും ആയിത്തീർന്ന് നമ്മുടെ സ്വന്തം ആത്മീയ നിലവാരത്തിന് മൂല്യച്യൂതി വരുത്തും. ഈ പ്രമാണം നമ്മുടെ ജീവിതത്തിൽ ദൈവസ്നേഹത്തിന്റെ പ്രവാഹമുണ്ടാക്കുകയും മറ്റുള്ളവരെ, നമ്മുടെ ശത്രുക്കളെപ്പോലും സഹായിക്കുവാൻ നമ്മേ പ്രാപ്തരാക്കുകയും ചെയ്യും.

**3. യഥാർത്ഥമായ താഴ്മ ഉള്ളവരാകുക-**

പരസ്പരബന്ധമുള്ള ഗുണങ്ങളാണ് സൗമ്യതയും താഴ്മയും. സങ്കീ.37:11-ാം വാക്യം -സൗമ്യതയുള്ളവർ

(ശേഷം മൂന്നാം പേജിൽ)

## ഉറവ

## സുഗന്ധം പരത്തുന്ന സൂപ്പർഹിറ്റ്



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

അന്നൊരു ഞായറാഴ്ച. മൂവാറ്റുപുഴയ്ക്ക് അടുത്തുള്ള ഒരു ആത്മീയ ആരാധനയിൽ അതിഥി പ്രഭാഷകനായി ഞാൻ എത്തിയതാണ്. അനുഭവസാക്ഷ്യം പങ്കുവച്ച ശശി ബ്രദറിന്റെ വാക്കുകൾ നിറമിഴികളോടെയാണ് ശ്രദ്ധിച്ചുകേട്ടത്. മകളുടെ ശരീരത്തിലെ ത്വക്കും മാംസവും ചൊറിഞ്ഞ് പഴുത്ത് അഴുകുന്ന മാരകരോഗം. സൗഖ്യത്തിനായി ചെയ്യാവുന്ന എല്ലാ വിദഗ്ധ ചികിത്സകളും നൽകിയെങ്കിലും രോഗം അനുദിനം മൂർഛിച്ചുവന്നു. പഴുപ്പ് ഒപ്പിയെടുക്കുവാൻ ശരീരത്തിൽ ചുറ്റുന്ന തുണിമുഴുവനും ചലവും ചോരയും കൊണ്ട് ദുർഗന്ധമായി. ഇനി മകൾ ജീവിതത്തിലേക്ക് മടങ്ങി വരില്ല, സൗഖ്യം ഒരിക്കലും ലഭിക്കില്ല എന്ന് ചിന്തിച്ച് തീവ്രദുഃഖത്തോടെ ആത്മഹത്യയ്ക്കു ഒരുങ്ങിയ ശശിബ്രദർ അറ്റകൈയ്ക്ക് എന്നവണ്ണം പറഞ്ഞുമാത്രം കേട്ടിട്ടുള്ള, അടുത്ത് താമസിക്കുന്ന പ്രസാദ് പാസ്റ്ററിന് ഫോൺ ചെയ്തു. അപ്പോൾ താൻ കേൾക്കുന്നത് അവിടെ നടക്കുന്ന ആരാധനയിൽ ദൈവജനം ആത്മാവിൽ പാടി ആരാധിക്കുന്ന പാട്ടിന്റെ ശബ്ദമാണ്.

"നാലുനാളായാലും നാറ്റം വമിച്ചാലും
കല്ലറമുൻപിൽ കർത്തൻ വരും
വിശ്വസിച്ചാൽ നീ മഹത്വം കാണും
സാത്താന്റെ പ്രവൃത്തികൾ തകർത്തിടും"

ആ ഗാനത്തിന്റെ വരികൾ ഹൃദയത്തിലേക്ക് ആശ്വാസമായും പ്രത്യാശയായും ഒഴുകിയിറങ്ങി നിറഞ്ഞു. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ശശിബ്രദറും കുടുംബവും പൂർണ്ണമായി സൗഖ്യം പ്രാപിച്ച മകളും ഒത്ത് അവിടെയുള്ള പെന്തക്കോസ്തു ആരാധനാലയത്തിൽ അംഗങ്ങളായി. ഈ സാക്ഷ്യം കേട്ട ഞാൻ ഈ ഗാനത്തിന്റെ ഉറവിടത്തേക്കുറിച്ച് പലരോടും അന്വേഷിച്ചപ്പോൾ ലഭിച്ച മറുപടി കേട്ട് ഞാൻ ആനന്ദാശ്രൂ പൊഴിച്ചു. ഹൃദയം നന്ദിയാൽ നിറഞ്ഞു. ആദ്യം അവിശ്വസനീയമായി തോന്നി. പിന്നീട് യാഥാർത്ഥ്യത്തിലേക്ക് നടന്നടുത്തു. അനേക വർഷങ്ങളായി എനിക്കു സുപരിചിതനായ സുവിശേഷകൻ സുനിൽ കോശി പത്തനാപുരം ആണ് ഈ ഗാനത്തിന്റെ രചയിതാവ് എന്നറിഞ്ഞപ്പോൾ സന്തോഷത്തിന്റെ മാധുര്യമേറി.

1974 മെയ് 31 ന് പത്തനാപുരം പുത്തൻവിളയിൽ വീട്ടിൽ ജോൺ കോശി-ഗ്രെയ്സി ദമ്പതികളുടെ മൂത്തമകനായി സുനിൽ ജനിച്ചു. സെൻട്രൽ എക്സ്സൈസ് ആൻഡ് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ പിതാവിന് ജോലിയായിരുന്നതു കാരണം, 5 വയസുവരെ കോഴിക്കോട്, തിരുവനന്തപുരം എന്നിവടങ്ങളിലായിരുന്നു ബാല്യം. തുടർന്ന് ഇളമണ്ണൂർ ഗവ. എൽ.പി.എസ്, കെ.പി.പി.എം സ്ക്കൂൾ, വി.എച്ച്.എസ്.എസ് എന്നീ വിദ്യാലയങ്ങളിൽ നിന്നും സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പത്തനാപുരം മാലൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ പ്രീഡിഗ്രി പഠനം പൂർത്തീകരിച്ച് ഗുജറാത്തിലെ വേരാവലിൽ ഗവ. ഐ.റ്റി.ഐയ്ക്ക് ചേർന്നു. അത് ജീവിതത്തിന്റെ വഴിത്തിരിവിന്റെ കാലഘട്ടമായിരുന്നു.

സുനിലിന്റെ കുടുംബം കത്തോലിക്കാ സഭ വിശ്വാസത്തിലായിരുന്നു. തികഞ്ഞ ദൈവഭക്തിയിലും വിശ്വാസത്തിലുമാണ് മക്കളെ മാതാപിതാക്കൾ വളർത്തിക്കൊണ്ടു വന്നത്. അനാവശ്യ കൂട്ടുകെട്ടുകളോ ദുശീലങ്ങളോ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ആ കാലത്ത് ആ നാട്ടിൽ വീടുവീടാന്തരം സുവിശേഷപ്രവർത്തനം നടത്തിയിരുന്ന മത്തായി ഉപദേശിയേയും ബോംബെയിൽ നിന്ന് നാട്ടിൽ എത്തുമ്പോൾ ഭവനസന്ദർശനം നടത്തുന്ന മങ്ങാട് കുഞ്ഞുമോൻ പാസ്റ്ററെയും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഇരമ്പിയെത്തിയ മഴ നനയാതിരിക്കുവാൻ മങ്ങാട് കുഞ്ഞുമോൻ പാസ്റ്റർ സുനിലിന്റെ വീട്ടിലേക്ക് ഓടിക്കയറി. തോട്ടത്തിൽ നിന്നും വിറകുപറക്കുവാൻ മഴ നനഞ്ഞു നടന്ന സുനിലും അമ്മയും ഇതുകണ്ടിട്ട് തിരികെ വീട്ടിലെത്തി. പുറത്ത് കോരിച്ചോരിയുന്ന ശക്തമായ മഴ, അകത്ത് കുഞ്ഞുമോൻ പാസ്റ്ററിനാൽ രക്ഷയുടെ ദൂത് മാരിപോലെ പെയ്തിറങ്ങി. അന്ന് സുനിൽ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. പക്ഷെ തുടർന്ന് ആത്മീകമായി മുന്നേറുവാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. ആ സമയത്താണ് മുൻപ് പറഞ്ഞ ഐ.റ്റി.ഐ പഠനത്തിനായി ഗുജറാത്തിലേക്ക് ചേക്കേറിയത്. അവിടെ വച്ച് കൂട്ടുകാരുടെ ഇടയിൽ ബ്രദർ ഷിബു എന്ന ഒരു സുഹൃത്ത് ഉണ്ടായിരുന്നു. അദ്ദേഹത്തോടോപ്പം പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കെടുത്തുവന്നു. എന്നാൽ തീവ്രമായ തലവേദനയുടെ ആധിക്യം നിമിത്തം മരണഭീതിയും സുനിലിന്റെ ഉള്ളിൽ ഉരുണ്ടുകൂടി. നാട്ടിൽ തനിക്കെതിരെ ദുർമന്ത്രവാദം ചെയ്ത് മരിച്ച് ചേതനയറ്റ ശരീരമായി പെട്ടിക്കുള്ളിൽ നാട്ടിലെത്തിക്കാനുള്ള കുടില തന്ത്രങ്ങളുടെ ശക്തിയാണ് മരണചിന്തയിലേക്ക് നയിച്ചതും തലവേദനയുടെ കാരണവും എന്ന് താൻ കരുതി. 1994 ഒക്ടോബർ 16 ന് നാട്ടിലെത്തിയ താൻ രാത്രി 11 മണിക്ക് അമ്മയോടോപ്പം പ്രാർത്ഥനയ്ക്കു മുട്ടുമടക്കി. വായിച്ചു തുടങ്ങിയ 118-ാം സങ്കീർത്തനത്തിലെ വാക്യങ്ങൾ ശക്തമായ ദൈവീകദൂതായി തന്റെ ഉള്ളിൽ മുഴങ്ങി. നിയന്ത്രണാധീതമായ ശക്തിയിൽ പുതുഭാഷകളിൽ സംസാരിച്ചുതുടങ്ങി. വ്യക്തമായ അടയാളത്തോടുകൂടിയ വിടുതൽ ആയിരുന്നു അത്.

തനിക്ക് ദൈവവേലയ്ക്കുള്ള ആഗ്രഹമുണ്ടെങ്കിലും തിട്ടമായ ഉറപ്പായിട്ടില്ലായിരുന്നതിനാൽ 1995 ജനുവരിയിൽ വീണ്ടും ഗുജറാത്തിലേക്ക് ട്രെയിൻ യാത്ര ആരംഭിച്ചു. ആ ട്രെയിനിൽ സുനിൽ കയറിയ അതേ കംപാർട്ട്മെന്റിലുണ്ടായിരുന്ന പാസ്റ്റർ ബാബു ശാമുവേലിന്റെ അടുത്തേക്കാണ് സുനിലിനെ ദൈവം എത്തിച്ചത്. യാത്രയ്ക്കിടയിൽ പാസ്റ്റർ വചനം പറഞ്ഞ് തന്നെ ബോധവാനാക്കി. രക്ഷയുടെ സന്തോഷത്തിലേക്ക് താൻ മടങ്ങിവന്നു.

അവിടെ ചെന്ന് വീണ്ടും ജോലിയിൽ പ്രവേശിച്ചു. വിട്ടുപോയ തലവേദന വീണ്ടു തന്നെ അസ്വസ്ഥനാക്കി. റവ. പി.ജി. വർഗ്ഗീസിന്റെ സമാധാനം മാസികയിൽ പാട്ടു പാടുന്ന പെൺകുട്ടിയുടെ

(ശേഷം രണ്ടാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030**

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*